**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **08-10-2024 - ൽ മറുപടിയ്ക്ക്**

**പാടശേഖരത്തിന് ട്രാൻസ്ഫോർമർ സ്ഥാപിച്ച് പമ്പിങ്ങ് സുഗമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കാവാലം വില്ലേജിൽ നീലംപേരൂർ കൃഷിഭവൻ പരിധിയിൽ വരുന്ന ഐ-ബ്ലോക്ക് 3500 കായലിൽ പമ്പിങ്ങ് സുഗമമാക്കുന്നതിന് 100 കെ.വി.ആർ.സി.ഇ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 5/08/2024 ൽ ബഹു.മന്ത്രിക്ക് നൽകിയ നിവേദനം നമ്പർ.564/2024 പ്രകാരം ആലപ്പുഴ ഇലക്ട്രിക്കൽ ഡെപ്യൂട്ടി സി.ഇ ക്ക് നൽകിയതിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ഐ ബ്ലോക്ക് - 3500 കായൽ പാടശേഖരത്തിന്റെ പടിഞ്ഞാറെ ബണ്ടിൽ പുതിയതായി 60 HP-യുടെ പമ്പ് പ്രവർത്തിപ്പിക്കുന്നതിനായി കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും ഇതിനായി 100kVA കപ്പാസിറ്റിയുള്ള ഒരു ട്രാൻസ്ഫോർമർ പ്രത്യേകം സ്ഥാപിക്കുന്നതിനായി LE OYEC സ്കീമിൽ എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന പക്ഷം ടി ജോലി ചെയ്യാവുന്നതാണെന്നും അറിയിച്ചുകൊണ്ട് 07.08.2024 തീയതിയായി ഐ ബ്ലോക്ക് കായൽ പാടശേഖര നെല്ലുല്പാദകസമിതി സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു: വൈദ്യുതി വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച പരാതിക്ക്, എസ്റ്റിമേറ്റ് തുകയായ 6,50,000/- രൂപ ലഭ്യമാകുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു നൽകുന്ന ജോലികൾ ചെയ്യുന്നതാണെന്ന് ഐ ബ്ലോക്ക് കായൽ പാടശേഖര നെല്ലുല്പാദകസമിതി സെക്രട്ടറിയ്ക്ക് 03.09.2024 -ാം തീയതി പള്ളം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | പുഞ്ചകൃഷിയുടെ പമ്പിങ് ജോലികൾ ആരംഭിച്ചിരിക്കുന്നതിനാൽ എത്രയും വേഗം ട്രാൻസ്ഫോർമർ സ്ഥാപിച്ച് നെൽകൃഷി മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | എസ്റ്റിമേറ്റ് തുക ലഭ്യമാകുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു നൽകുന്ന ജോലികൾ ചെയ്യുന്നതാണെന്ന് കെ. എസ്. ഇ. ബി. എൽ അറിയിച്ചിട്ടുണ്ട്. |
| (സി) | കൃഷി ആവശ്യത്തിന് ട്രാൻസ്ഫോർമർ നൽകുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | (സി) | എസ്റ്റിമേറ്റ് തുക ലഭ്യമാകുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു നൽകുന്ന ജോലികൾ ചെയ്യുന്നതാണെന്ന് കെ. എസ്. ഇ. ബി. എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ